
## തെരുവിൽ നിന്ന് ജീവിതത്തിലേക്ക്

സ്വഭവനത്തിൽ ഉറ്റവരാലും ഉടയവരാലും ഉപേക്ഷിക്കപ്പെട്ട് സ്വബോധം നഷ്ടപ്പെട്ട് വഴിയോരങ്ങളിൽ അലഞ്ഞ് തിരിഞ്ഞ്, എച്ചിൽ പാത്രങ്ങളിൽ ഉപേക്ഷിക്കപ്പെട്ട ആഹാര അവശിഷ്ടങ്ങൾ കൈയിട്ട് വാരി ഭക്ഷിച്ച് അർധ നഗ്നരായി പൊതുജനങ്ങളിൽ നിന്നുള്ള അപഹാസ്യങ്ങൾക്കും ശകാര പീഡനങ്ങൾക്കും ഇരയായി തെരുവോരങ്ങളിൽ ഒറ്റപ്പെട്ടു ജീവിക്കുന്ന ദൈവമക്കളെ കണ്ടെത്തി സനാഥരാക്കി അവർക്ക് വേണ്ട സ്നേഹ പരിപാലനങ്ങളും ചികിത്സകളും നൽകി, പൂർണ്ണ സൗഖ്യത്തോടെ സാധാരണ ജീവിതത്തിലേക്ക് മടക്കിക്കൊണ്ട് വരിക എന്ന ദൗത്യമാണ് സ്നേഹാലയ ചാരിറ്റബിൾ ട്രസ്റ്റ് മാനസിക രോഗ പുനരധിവാസ കേന്ദ്രം നിർവ്വഹിക്കുന്നത്.











www.snehalayam.in

## ഞങ്ങളെ സഹായിക്കാം

*"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എൻെറ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്."*

*(മത്തായി 25:40)*



ഒരു കൂട്ടം സുമനസ്സുകളുടെ സഹായം കൊണ്ടാണ് സ്നേഹാലയ ചാരിറ്റബിൾ ട്രസ്റ്റ് പ്രവർത്തിക്കുന്നത്. നിരാംലംബരായ കുറേ മനുഷ്യർക്ക് മികച്ച ചികിത്സയും പരിചരണവും നൽകണമെന്ന് ഞങ്ങൾക്ക് ആഗ്രഹമുണ്ട്. അതിന് നിങ്ങളുടെ സഹായ സഹകരണങ്ങളും പ്രാർത്ഥനയും ആവശ്യമാണ്. നിങ്ങൾക്കും ഈ സാമൂഹിക സേവനത്തിൽ പങ്കു ചേരാം. ഒരു നേരത്തെ ഭക്ഷണം ദാനം ചെയ്യുന്നത് വഴി, അല്ലെങ്കിൽ വസ്ത്രങ്ങൾ, മരുന്നുകൾ സംഭാവന ചെയ്യുന്നത് വഴി, അതുമല്ലെങ്കിൽ ഈ അന്തേവാസികൾക്കൊപ്പം അൽപനേരം ചെലവിടുന്നത് വഴി...നിങ്ങളുടെ സംഭാവന ചെറുതായിരിക്കും, പക്ഷേ ഞങ്ങൾക്ക് അത് വിലപ്പെട്ടതാണ്. ഒരാളുടെ ഒരു നേരത്തെ വിശപ്പു മാറ്റാൻ അതുപകരിച്ചാൽ ഓർക്കുക, ആയിരം സാഷ്ഠാംഗ പ്രണാമത്തേക്കാൾ ഒരു മനുഷ്യനോട് കരുണ കാണിക്കുന്നതാണ് ഫലദായകം.


**സ്നേഹാലയ ചാരിറ്റബിൾ ട്രസ്റ്റ്**

മൂന്നാംമൈൽ, അമ്പലത്തറ, പി.ഒ. പുല്ലൂർ. കാഞ്ഞങ്ങാട്, കാസർഗോഡ്, കേരളം

**Ph: 0467 2244180, 2243689, 9447848682**

Email: snehalayamworld@gmail.com
www.snehalayam.in


| OUR BANK ACCOUNT DETAILS |
| --- |
| Account Name: Snehalaya Charitable Trust |
| Account No: 13460100072744 |
| Bank Name: Federal Bank, |
| Branch Name: Kanhangad |
| IFSC Code: FDRL0001346 |

"എൻെറ ദൈവം തൻെറ മഹത്വത്തിൻെറ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തുവഴി നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം നൽകും."

(ഫിലിപ്പി - 4:19)




BEFORE



AFTER

# SNEHALAYA
## CHARITABLE TRUST


Munnam Mile, Ambalathara, Pullur P.O.
Kanhangad, Kasaragod Dist, Kerala.
Ph: 0467 2244180, 2243689, 9447848682

Email: snehalayamworld@gmail.com
www.snehalayam.in

# സ്നേഹാലയ ചാരിറ്റബിൾ ട്രസ്റ്റ്

പൂർണ്ണമായും ദൈവ പരിപാലനയിൽ ആശ്രയിച്ച് ദൈവ സ്നേഹത്തിലൂന്നി മനുഷ്യ സ്നേഹത്തിന്റെ മാതൃകയായ സ്നേഹാലയം ഇന്നതിന്റെ ഇരുപതാം വാർഷിക ദിനങ്ങളിൽ എത്തി നിൽക്കുകയാണ്.

തെരുവിൽ ഹോമിക്കപ്പെടുന്ന അനാഥ ജന്മങ്ങൾക്ക് തല ചായ്ക്കാനൊരിടം, ഒരു നേരത്തെ ആഹാരം. ഈ ചിന്തയിൽ നിന്നും 1997 ഡിസംബർ 7–ാം തീയ്യതി ബഹുമാനപ്പെട്ട ഫാദർ ജോർജ്ജ് കുറ്റിക്കൽ MCBS സ്നേഹാലയത്തിന് തുടക്കമിട്ടു.

*അശരണരും, ആലംബഹീനരും, അനാഥരുമായ തെരുവിന്റെ മക്കൾക്ക് ഞങ്ങൾ ഒറ്റക്കല്ല; കൂടെ നിൽക്കാൻ, സ്നേഹിക്കാൻ കുറേയേറെ ആളുകൾ ഞങ്ങൾക്കും ഉണ്ട് എന്നഭിമാനിക്കാൻ, അവരെ സാധാരണ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ, ബന്ധുക്കൾ ഉള്ളവരെ തിരികെ വീടുകളിൽ എത്തിക്കാൻ, അല്ലാത്തവരെ മരണം വരെ സംരക്ഷിക്കാൻ സ്നേഹാലയം ശ്രദ്ധിക്കുന്നു.*

*നാളിതു വരെ 2000 ത്തോളം തെരുവിന്റെ മക്കൾക്ക് സ്നേഹാലയത്തിൽ അഭയം നൽകാനായതിൽ നല്ല ദൈവത്തിന് നന്ദി. നിലവിൽ നൂറ്റമ്പതോളം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 20–90 വയസ്സിനിടയിലുള്ള മാനസീക,ശാരീരിക, പ്രായ വ്യഥകളാൽ ബുദ്ധിമുട്ടുന്ന പുരുഷന്മാരെ ദൈവ കൃപയാൽ സ്നേഹാലയത്തിൽ പരിപാലിക്കുന്നു. പലവിധ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന ഇരുപത്തഞ്ചോളം കിടപ്പ് രോഗികളും ഇതിൽപ്പെടുന്നു.*

## ലക്ഷ്യങ്ങൾ:

1. തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന മാനസിക, ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന രോഗികൾക്ക് ഭക്ഷണവും പാർപ്പിടവും നൽകുന്നു.
2. തെരുവിൽ അലയുന്ന മാനസിക രോഗികളുടെ എണ്ണം കുറയ്ക്കുക, ഇത്തരം രോഗികളെ സംരക്ഷിക്കുക.
3. മാനസിക രോഗികളെ ചികിത്സിച്ച് സുഖപ്പെടുത്തി അവരെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടു വരുന്നു.
4. ശാരീരികവും മാനസീകവുമായ വൈകല്യമുള്ളവർക്ക് സ്വന്തം വീട്ടിൽ ലഭിക്കാത്ത സുരക്ഷിതത്വവും ആശ്രയവും നൽകുന്നു.



മക്കൾ തെരുവിലേക്കിറക്കിവിടുന്ന അച്ഛനമ്മമാർ, മനോരോഗം നിമിത്തം ബന്ധുക്കൾ ഉപേക്ഷിച്ചു പോകുന്നവർ, ജന്മം നൽകിയവർ ആരെന്നറിയാത്ത അനാഥർ...

സ്നേഹാലയം ഇവരുടെയൊക്കെ വീടാണ്. ഇവർക്ക് വേണ്ടതെല്ലാം നൽകാൻ കഴിയുന്നത് ദൈവത്തിന്റെ കരുണ കൊണ്ടാണ്, പിന്നെ മനസ്സിൽ നിറയെ നന്മയുള്ള കുറേയാളുകളുടെ സംഭാവന കൊണ്ടും.

സ്നേഹാലയത്തിൽ എത്തുന്ന ഓരോ അന്തേവാസിക്കും ദൈവകൃപയാൽ ഭക്ഷണവും, വസ്ത്രവും മരുന്നുകളും നൽകുന്നു.



സാധിക്കുമെങ്കിൽ കുടുംബത്തോടൊപ്പം ഒരു വൃദ്ധ മന്ദിരമോ മാനസിക രോഗികളെ പാർപ്പിച്ചിരിക്കുന്ന ഇടമോ സന്ദർശിക്കുന്നത് നല്ലതാണ്. നൂറുകൂട്ടം വ്യഗ്രതകൾക്കിടയിൽ ഇതിനൊക്കെ എവിടെ നേരം എന്നാവും. എന്നാൽ നാം ഓർക്കണം ജീവിതത്തിന്റെ തിരക്കുകളൊക്കെ ഒഴിഞ്ഞ് കാര്യമായൊന്നും ചെയ്യാനില്ലാതെ മക്കളേയും ഉറ്റവരേയുമൊക്കെ ഓർത്തോർത്ത് കഴിയുന്ന മനുഷ്യരുണ്ട്; സന്ദർശിക്കാനാരുമില്ലാത്തവർ.



*“കരുണയെ കുറിച്ചുള്ള പ്രസംഗങ്ങൾ അല്ല, കരുണയുള്ള പ്രവർത്തികളാണ് ലോകം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്.”*

# സ്നേഹാലയം

*The home of love*

സ്നേഹാലയം സേവന രംഗത്ത് ഇരുപത് വർഷം പിന്നിടുമ്പോൾ ഓർമ്മയിൽ സഹായത്തിന്റെ പനിനീർ പൂക്കൾ വിതറിയ ഒരുപിടി സ്നേഹമുഖങ്ങൾ ഓർമ്മയിൽ എത്തുകയാണ്. ഞങ്ങളെ സഹായിച്ചവരുടെ കൂട്ടത്തിൽ വിവിധ മതങ്ങളിൽപ്പെട്ടവരുണ്ട്, വ്യത്യസ്ഥ രാഷ്ട്രീയ വിശ്വാസങ്ങളുള്ളവരുമുണ്ട്. ഇവരൊക്കെ ഒരു നേരത്തെ ഭക്ഷണത്തിനുള്ള സംഭാവന ഞങ്ങൾക്ക് തന്നത് ഒന്നും തിരികെ പ്രതീക്ഷിച്ചു കൊണ്ടല്ല, നിസ്വാർത്ഥമായ സ്നേഹം മാത്രമായിരുന്നു ആ മുടക്കു മുതൽ. ഞങ്ങൾ അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. അവരുടെ കുടുംബാംഗങ്ങൾക്ക് വേണ്ടിയും.

കാരുണ്യത്തിന്റെയും ദയാവായ്പ്പിന്റെയും കർമ്മോത്സുകതയുടേയും മന്ത്രങ്ങൾ ഞങ്ങളുടെ ഉള്ളിൽ എപ്പോഴും നിറഞ്ഞു നിൽക്കാൻ നിങ്ങളും പ്രാർത്ഥിക്കുക, സഹായിക്കുക, സഹകരിക്കുക.





*യേശു പറഞ്ഞു:*
*“ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല”*

